ട്ടുള്ള അറിവുവച്ചാണെങ്കിൽ പലപ്പോഴും അവിടെ രണ്ടുകൂട്ടരും തമ്മിൽ സംഘട്ടനം നടക്കാറുണ്ട്. കാട്ടിന്റെ നടുക്കുവച്ചാണ് നടക്കുന്നത്. വെട്ടുന്ന ഈറ സംരക്ഷിക്കുന്നതിനുവേണ്ടി ചെല്ലുന്ന ഉദ്യോഗസ്ഥൻമാരെ തടഞ്ഞുവച്ച് ബലംപ്രയോഗിച്ച് തീരുമാനങ്ങൾ എടുപ്പിക്കാനും ദേഹോപദ്രവമേൽപ്പിക്കാനും ശ്രമിച്ചതായും രണ്ടുപേരെ തടഞ്ഞുവെച്ചിരിക്കുന്നതായുമാണ് പറയുന്നത്. മുഴുവൻ വിവരങ്ങളും എനിക്കറിഞ്ഞുകൂടാ. എന്തായാലും പല തർക്കങ്ങളും നിലവിൽ വന്നതിനുശേഷമാണ് കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിൽവന്നതും പല തർക്ക പ്രശ്നങ്ങളും പരിഹരിക്കാൻ ആ കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുള്ളതും. അതും കഴിഞ്ഞിട്ടാണ് ഇപ്പോൾ ഈ കുഴപ്പം വന്നിരിക്കുന്നത്. വളരെ ഗൗരവമായി വളരെ വേഗത്തിൽ ഇതു തുറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കളക്ടർ കോൺഫറൻസ് നടത്തുന്നുണ്ട്. അതിൽ വിജയിക്കുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നുള്ള പ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

III റിപ്പോർട്ടു സമർപ്പണം

പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. ആർ. എസ്. ഉണ്ണി: പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ പതിമൂന്നാമതും പതിനാലാമതും റിപ്പോർട്ടുകൾ ഞാൻ സഭയുടെ മുമ്പാകെ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന്മേൽ പൊതു ചർച്ച

മി. ഡെ. സ്പീക്കർ: (ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ): മി. സ്പീക്കർ സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ പരിമിതമായ വിഭവങ്ങൾവച്ചുകൊണ്ട് ഈ നാട്ടിന്റെ ദുരിതങ്ങൾക്കു പരിഹാരം കാണാൻവേണ്ടിയുള്ള ആത്മാർത്ഥമായ ഒരു പരിശ്രമം ഈ ബഡ്ജറ്റിൽക്കൂടി നടത്തിയിട്ടുണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നത്. ഈ രാജ്യം ഗുരുതരമായ സാമ്പത്തിക ദുരിതത്തിൽക്കൂടി കടന്നുപോകുകയാണ്. അതിനുള്ള പരിഹാരം കാണണമെങ്കിൽ ഇൻഡ്യാഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിൽ

LIBRARY, ARCHIVES Kerala Legislative Assembly